പ്രകാശവചനം

കുഞ്ഞിമുഹമ്മദ് വളാഞ്ചേരി

# ജനസേവനവും ദൈവാരാധനയും

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ عَنِ النَّبِيِّ ﷺ قَالَ: السَّاعِي عَلَى الْأَرْمَلَةِ وَالْمِسْكِينِ كَالْمُجَاهِدِ فِي سَبِيلِ اللَّهِ، وَأَحْسِبُهُ قَالَ كَالْقَائِمِ لَا يَفْتُرُ وَكَالصَّائِمِ لَا يُفْطِرُ

നബി(സ) പ്രസ്താവിച്ചതായി അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു: വിധവകൾക്കും അഗതികൾക്കും വേി ഓടിപ്പാഞ്ഞു നടക്കുന്നവൻ ദൈവമാർഗത്തിലെ സേനാനിയെപ്പോലെയാണ്. അദ്ദേഹം തുടർന്നു, നബി(സ) ഇങ്ങനെയും പറഞ്ഞതായി ഞാൻ കരുതുന്നു: അവൻ രാത്രി നേരങ്ങളിൽ നിർത്താതെ നമസ്കാരത്തിലേർപ്പെട്ടവനെപ്പോലെയും പകൽ നേരങ്ങളിൽ തുടർച്ചയായി വ്രതം അനുഷ്ഠിച്ചവനെപ്പോലെയുമാണ് (ബുഖാരി, മുസ്‌ലിം).

വിധവകളുൾപ്പെടെ അഗതികളുടെ കാര്യം അനുഭാവപൂർവം പരിഗണിച്ചും അവരെ സഹായിച്ചും അതിനായി പരിശ്രമിച്ചും കൊണ്ടിരിക്കുന്നവർക്ക് ഊണും ഉറക്കവും പ്രശ്നമാക്കാതെ വ്രത-നമസ്കാര കർമങ്ങൾ, ജിഹാദ് എന്നീ ഇബാദത്തുകൾ നിർവഹിക്കുന്നവരുടെ പദവിയും പ്രതിഫലവുമാണുള്ളതെന്ന് സ്പഷ്ടമാക്കുകയാണ് ഹദീസ്.

സമൂഹത്തിൽ പൊതുവെ ഒറ്റപ്പെട്ടും അവഗണിക്കപ്പെട്ടും കഷ്ടപ്പെട്ടും കഴിയുന്നവരാണ് അഗതികളും വിധവകളും. ഒട്ടനവധി പ്രശ്നങ്ങൾക്ക് പ്രതിവിധി കാണാതെ വീർപ്പുമുട്ടിക്കഴിയുന്ന ഇവരെ ആരെങ്കിലും വല്ലപ്പോഴും സഹായിച്ചതുകൊണ്ട് മാത്രം പ്രശ്നങ്ങൾക്ക് പൂർണ പരിഹാരമാവുകയില്ല. നിരന്തര ജാഗ്രതയും അടിയന്തര സ്വഭാവത്തിലുള്ള കാൽവെപ്പുകളുമാണ് ഈ 'ചിറകൊടിഞ്ഞ പക്ഷി'കളുടെ രക്ഷക്കാവശ്യം. ഹദീസിലെ 'അസ്സാഈ' (പാഞ്ഞു നടക്കുന്നവർ) പ്രയോഗം ഈ കഠിന യത്നത്തെത്തന്നെയാണ് കുറിക്കുന്നത്.

അഗതികളുടെയും അനാഥകളുടെയും പരിരക്ഷയും സംരക്ഷണവും ഖുർആനിലും ഹദീസിലും പലയിടങ്ങളിലായി പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. സംവരണാടിസ്ഥാനത്തിൽ സഹായിക്കപ്പെടേണ്ടവരാണ് ഈ വിഭാഗങ്ങൾ എന്നാണ് അതിൽനിന്ന് മനസ്സിലാക്കേണ്ടത്. കേവല സാമ്പത്തിക സഹായത്തിൽ ഒതുക്കേണ്ടതല്ല ഈ പരിരക്ഷ. വിധവകളിലും അനാഥകളിലും സമ്പന്നരെയും കണ്ടേക്കാം. അവരുടെ സമ്പത്ത് സംരക്ഷിക്കുന്നതും വിവാഹകർമം നടത്തി കൊടുക്കുന്നതുമെല്ലാം അവരെ സഹായിക്കുന്നതിന്റെയും അവരുടെ കാര്യങ്ങളിൽ ബദ്ധശ്രദ്ധരാകുന്നതിന്റെയും ഭാഗമാണ്. ജനസ്വാധീനം, സാമർഥ്യം, ആരോഗ്യശേഷി, അക്ഷരാഭ്യാസം, സർഗാത്മക കഴിവുകൾ എന്നിവ വശമില്ലാത്തവരും അക്കാര്യങ്ങളിൽ സന്ദർഭോചിതം സഹായമർഹിക്കുന്നവർ തന്നെയാണ്. ബന്ധപ്പെട്ട പല സർക്കാർ ഓഫീസുകളിൽനിന്നും മറ്റും അഗതികൾക്കും വിധവകൾക്കും അവശർക്കും അവകാശപ്പെട്ട പെൻഷൻ പോലുള്ള സഹായങ്ങൾ ലഭ്യമാക്കാനുള്ള ശ്രമങ്ങളും അനിവാര്യമാണ്.

അനാഥകളെ സംരക്ഷിക്കേണ്ടത് അവർക്ക് പ്രായപൂർത്തിയും തന്റേടവും പ്രാപ്തിയും ആകുന്നത് വരെയാണ്. വിധവകളെ മരണം വരെ വിധവകളായി വിധിയെഴുതുകയായിരുന്നില്ല നബി(സ)യും സ്വഹാബത്തും. അവരെ വിവാഹിതരാക്കാൻ ശ്രമം നടത്തുകയായിരുന്നു അവർ. കുട്ടികളുടെ സംരക്ഷണ ബാധ്യത തങ്ങളുടെ കീഴിലായതു മൂലം പുനർവിവാഹം സാധ്യമല്ലാത്ത വിധവകളും ഞാനും ഒപ്പമായിരിക്കും സ്വർഗത്തിൽ പ്രവേശിക്കുകയെന്ന് നബി(സ) പ്രസ്താവിച്ചിട്ടുണ്ട്. ■